**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5659 27.10.2011 - ൽ മറുപടിയ്ക്ക്**

അർബൻ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിലെ അപാകതകൾ

ചോദ്യം | ഉത്തരം

ശ്രീ. പി. ഉബൈദുള്ള :

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അർബൻ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 1.4.08 മുതൽ പ്രബല്യത്തിൽ നടപ്പിലാക്കിയ അർബൻ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിലെ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത് പരിഹരിച്ചിട്ടുണ്ട്. |
| (ബി) | പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കിലെ ജീവനക്കാർക്കുള്ള അടിസ്ഥാനശമ്പളം പോലും അർബൻ ബാങ്ക് ജീവനക്കാർക്ക് ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) | ജി.ഒ.(പി) നം. 57/11/സഹ തീയതി 1.7.11 പ്രകാരം നടപ്പിലാക്കിയ അർബൻ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് 1.4.08 മുതലാണ് പ്രാബല്യം നൽകിയിട്ടുള്ളത്. ടി ശമ്പള പരിഷ്കരണ ഉത്തരവിലെ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടത് പരിഹരിച്ചിട്ടുണ്ട്. ശമ്പള പരിഷ്കരണം പ്രാബല്യത്തിൽ വന്നിട്ട് മൂന്ന് വർഷത്തിലധികമായതിനാൽ മറ്റ് അപാകതകൾ ഉണ്ടെങ്കിൽ അടുത്ത ശമ്പള പരിഷ്കരണം നടപ്പിലാക്കുമ്പോൾ പരിശോധിക്കുന്നതാണ്. |
| (സി) | ഉത്തരവിലെ അപാകതകൾ പരിഹരിക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ